## നോട്ട് അസാധുവാക്കൽ നടപടി;
## പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കുക,
## സഹകരണ മേഖലയെ തകർക്കാനുള്ള നീക്കം ഉപേക്ഷിക്കുക.

രാജ്യത്ത് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിക്കൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി നവംബർ 8 അർദ്ധരാത്രിയിൽ അസാധാരണമായ തീരുമാനമാണ് കൈക്കൊണ്ടത്. ഈ അപ്രതീക്ഷിതമായ നടപടി ഉണ്ടാക്കിയ ആവശ്യക്കുഴപ്പങ്ങൾക്കും ആശങ്കകൾക്കും ഇനിയും അറുതിയായിട്ടില്ല. കള്ളപ്പണം തടയുകയാണ് നോട്ടു നിരോധനം കൊണ്ട് ലക്ഷ്യം വെക്കുന്നതെന്ന് ബി.ജെ.പി നേതാക്കൾ ആവർത്തിച്ച് അവകാശപ്പെടുന്നുണ്ടെങ്കിലും മോദിയെയും കൂട്ടരെയും സംശയത്തിന്റെ നിഴലിൽ നിറുത്തുന്ന നിരവധി തെളിവുകൾ പുറത്തു വന്നു കൊണ്ടിരിക്കുന്നു. ഗുജറാത്ത് ഉൾപ്പെടെ പല സംസ്ഥാനങ്ങളിലും മാസങ്ങൾക്ക് മുമ്പെ നോട്ട് അസാധുവാക്കൽ സംബന്ധിച്ച വാർത്തകൾ വന്നിരുന്നു. നോട്ട് നിരോധനത്തിനു മുമ്പ് ബി.ജെ.പി നേതൃത്വം തങ്ങൾക്ക് വേണ്ടപ്പെട്ടവർക്ക് വിവരം ചോർത്തി നൽകി-കോടിക്കണക്കിന് കള്ളപ്പണം വെളുപ്പിക്കാൻ ഒത്താശ ചെയ്തു.

479 ശതകോടി സോളർ കള്ളപ്പണം വിദേശത്തുണ്ടെന്നാണ് റേറ്റിംഗ് ഏജൻസി 'ക്രിസ്' വെളിപ്പെടുത്തുന്നത്. ഇവരുടെ പേരുവിവരം വെളിപ്പെടുത്താൻ പോലും സർക്കാർ തയ്യാറായിട്ടില്ലെന്ന് ഓർക്കണം.

കറൻസി നിരോധനം മുമ്പും രാജ്യത്തുണ്ടായിട്ടുണ്ട്. എന്നാൽ ജനങ്ങളെ ഞെട്ടിച്ചും അങ്ങേയറ്റം ബുദ്ധിമുട്ടിച്ചുമാണ് ഇക്കുറി നിരോധനം നടപ്പാക്കിയത്. മതിയായ മുന്നൊരുക്കങ്ങളില്ലാതെയും തയ്യാറെടുപ്പുകളില്ലാതെയുമാണ് ധൃതിപിടിച്ച് കടുത്ത നടപടിയിലേക്ക് സർക്കാർ പോയത്. രാജ്യം അരാജകത്വത്തിലേക്കും കലാപത്തിലേക്കും പോകാനിടയുണ്ടെന്ന് സുപ്രിം കോടതി തന്നെ നിരീക്ഷിച്ചത് സാഹചര്യത്തിന്റ ഗൗരവം ബോധ്യപ്പെടുത്തുന്നതാണ്.

വിവിധ ബാങ്കുകൾ/എ.ടി.എം കളിലെ നെട്ടോട്ടത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം ചെറുതല്ല. ആദ്യത്തെ കറൻസി ഉപയോഗത്തിന്റെ 86% ഉം 500, 1000 രൂപ നോട്ടുകളാണ്. അപ്രതീക്ഷിതമായ ഇവ നിരോധിച്ചതുമൂലമുള്ള അവ്യക്തതയും ആശങ്കകളും ഇപ്പോഴും തുടരുകയാണ്. റദ്ദാക്കിയവക്ക് പകരം നോട്ടുകൾ എപ്പോൾ ലഭ്യമാക്കാമെന്ന് ഇപ്പോഴും നിശ്ചയമില്ല. ധനമന്ത്രി 2 ആഴ്ച എന്ന് പറയുമ്പോൾ പ്രധാനമന്ത്രി 50 ദിവസം തരൂ എന്നാണ് ആവശ്യപ്പെട്ടത്. എന്നാൽ ഇപ്പോഴത്തെ പ്രതിസന്ധി മാറുന്നതിന് 6 മാസമെങ്കിലും വേണ്ടിവരുമെന്ന് സാമ്പത്തിക വിദഗ്ദർ മുന്നറിയിപ്പ് നൽകുന്നു. നോട്ടു നിരോധനം കള്ളപ്പണക്കാരെ എങ്ങനെ ബാധിച്ചുവെന്ന് അധികൃതർ പഠിക്കട്ടെ. പക്ഷെ, സാധാരണക്കാരെയും തൊഴിലാളികളെയും ഈ നടപടി അക്ഷരാർത്ഥത്തിൽ തകർത്തുക്കളഞ്ഞു. ബാങ്കിൽ പണമില്ല, എ.ടി.എം ൽ പണമില്ല. നിക്ഷേപം പിൻവലിക്കാൻ കഴിയുന്നില്ല. അത്യാവശ്യത്തിന് പണം കണ്ടെത്താൻ കഴിയാതെ സാധാരക്കാർ നെട്ടോട്ടം ഓടുകയാണ്. കേന്ദ്ര സർക്കാരാകട്ടെ, കൂടുതൽ കൂടുതൽ നിയന്ത്രണങ്ങളുമായി നേരിടാൻ തന്നെ നിശ്ചയിച്ചമട്ടാണ്. പിൻവലിക്കാനുള്ള തുകയിൽ കുറവുവരുത്തി. ഒന്നിലേറെ തവണ ഈ ആനുകൂല്യം ലഭിക്കുന്നത് തടയുന്നതിന് മഷികുത്ത് തുടങ്ങിയ ഹീനമായ മാർഗ്ഗങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. ഇത് ജനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നു കയറ്റമാണ്. അസാധുവാക്കിയ നോട്ടുകൾ മാറുന്നതിനുള്ള സമയപരിധി വർദ്ധിപ്പിച്ചുകൊണ്ടും പകരം നോട്ടുകൾ

യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കിക്കൊണ്ടും നിലവിലുള്ള പ്രതിസന്ധി അടിയന്തിരമായി പരിഹരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം.

നോട്ടു നിരോധനത്തിന്റെ മറവിൽ മോദി സർക്കാർ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ തകർക്കാനുള്ള പരിശ്രമത്തിലാണെന്ന് തെളിഞ്ഞിരിക്കുകയാണ്. അസാധുവാക്കിയ 500, 1000 രൂപ നോട്ടുകൾ, മാറ്റി നൽകുന്നതിന് പെട്രോൾ പമ്പുകൾ, ആശുപത്രികൾ റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയപ്പോൾ സഹകരണസ്ഥാപനങ്ങളെ അതിൽ നിന്നും വിലക്കിയത് അംഗീകരിക്കാൻ കഴിയില്ല.

1604 പ്രാഥമിക സഹകരണ സംഘങ്ങളും അവയുടെ അസംഖ്യം വരുന്ന ശാഖകളും ഉൾപ്പെടെ 15000 ത്തിലധികം സഹകരണ സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. 1.60 ലക്ഷം കോടിയാണ് കേരളത്തിലെ സഹകരണ ബാങ്കുകളുടെ നിക്ഷേപം. ഇതിൽ 80% പ്രാഥമിക സംഘങ്ങളുടേതാണ്. അതിനാൽ പ്രാഥമിക സംഘങ്ങൾ തകരുമ്പോൾ സഹകരണ മേഖലയാണ് തകരുന്നതെന്ന് ഓർക്കണം. ഗ്രാമീണ മേഖലയിൽ ഭൂരിപക്ഷം അംഗങ്ങളും ആശ്രയിക്കുന്നത് സഹകരണ ബാങ്കുകളെയാണ്, നഗരത്തിലെ സഹകരണ ബാങ്കുകളാകട്ടെ, മറ്റ് ഏതൊരു വാണിജ്യബാങ്കുകളെയും വെല്ലുന്ന സാങ്കേതിക സംവിധാനങ്ങളും മെച്ചപ്പെട്ട സേവനങ്ങളും ഉറപ്പുതരുന്നവയാണ്. കേരളത്തിലെ മൊത്തം വാണിജ്യ ബാങ്കുകളിലെ ഇടപാടുകാരേക്കാൾ കൂടുതൽ പേർ സഹകരണ ബാങ്കുകളിലാണ്. ഏകദേശം ഒന്നരകോടിയോളം പേർ.

ബാങ്കിടപ്പാടുകൾ മാത്രമല്ല പ്രാഥമിക സംഘങ്ങൾ ചെയ്യുന്നത്. ലാഭവിഹിതത്തിൽ നല്ലൊരുപങ്ക് സർക്കാരിലേക്ക് നൽകുന്നു. കൺസ്യൂമർ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ഡയാലിസ് യൂണിറ്റുകൾ, സഹകരണ ആശുപത്രികൾ, അങ്ങനെ പോകുന്നു, സഹകരണ സംഘങ്ങളുടെ സേവനങ്ങൾ സഹകരണ ബാങ്കുകളിൽ കള്ളപ്പണം സൂക്ഷിക്കുന്നു എന്ന അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിക്കുന്നത് തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണെന്ന് ഉറപ്പ്. സഹകരണ സംഘങ്ങളിൽ കള്ളപ്പണമുണ്ടെങ്കിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ അത് കണ്ടെത്തുന്നതിനും തടയുന്നതിനും ആരും എതിരല്ല. എന്നാൽ അതിനുപകരം, കേരളത്തിലെ സഹകരണസംഘങ്ങൾ കള്ളപ്പണം സൂക്ഷിക്കുന്ന കേന്ദ്രങ്ങളാണെന്ന ബി.ജെ.പി നേതാക്കളുടെ ആവർത്തിച്ചുള്ള ആക്ഷേപം, അസഹിഷ്ണുതയാണ്, കൈവിട്ടകളിയാണ്.

സാധാരണക്കാരുടെ ചെറുതും വലുതമായ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ പ്രാഥമിക സഹകരണ സംഘങ്ങളുടെ ശൃംഖല തന്നെ രൂപപ്പെട്ട നാടാണ് കേരളം. കേരള വികസന മാതൃകക്ക് ഉറച്ച പിന്തുണ തൽകിയതും സഹകരണ പ്രസ്ഥാനം തന്നെ. സഹകരണ സംഘങ്ങളെ തകർത്താൽ ജനകീയ പ്രസ്ഥാനങ്ങളെ തളർത്താമെന്ന കുടിലചിന്തയാണ് സഹകരണ വിരുദ്ധ നീക്കങ്ങൾക്കും അപവാദപ്രചാരണങ്ങൾക്കും പിന്നിലെന്ന് വ്യക്തമാണ്. അതേസമയം, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഇടപ്പെടലുകളും പ്രതിപക്ഷത്തിന്റെ സഹകരണവും പ്രതീക്ഷനൽകുന്നതാണ്. കറൻസി നിരോധനത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ സഹകരണ മേഖലയെ തകർക്കാനുള്ള നീക്കത്തിൽ നിന്നും പിന്മാറാണമെന്ന് ഈ കൗൺസിൽ യോഗം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.